# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് മുപ്പത്തഞ്ച്

## ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടെയുള്ള ഒരു സ്വർഗീയ ശുശ്രൂഷകൻ

Sat ഈ ദൂതിൽ നാം വരുന്നത് ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടെയുള്ള ഒരു സ്വർഗീയ ശുശ്രൂഷകൻ എന്ന വിഷയത്തിലേക്കാണ്. ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തെയും ദിവ്യ പൗരോഹിത്യത്തെയും കുറിച്ചുള്ള മുൻപറഞ്ഞ ദൂതുകൾക്കുശേഷം, ഈ ദൂത് കേൾക്കുവാൻ നാം തീർച്ചയായും ഒരുക്കപ്പെട്ടവരും സജ്ജരാക്കപ്പെട്ടവരും ശരിയായ സ്ഥാനത്ത് ആയിരിക്കുന്നവരുമാണ്. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ രണ്ടു ഭാഗങ്ങൾ നാം കണ്ടു: ഭൂമിയിലെ അഹരോന്യ ഭാഗവും, സ്വർഗത്തിലെ രാജകീയവും ദിവ്യവുമായ ഭാഗവും. ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ഈ രണ്ടു വശങ്ങളെക്കുറിച്ച് നാം വ്യക്തത ഉള്ളവരായിരിക്കുന്നത് ചെറിയൊരു കാര്യമല്ല. നമ്മുടെ പശ്ചാത്തലമായി ഈ ഗ്രാഹ്യം ഉണ്ടെങ്കിൽ, ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടെയുള്ള സ്വർഗീയ ശുശ്രൂഷകൻ എന്ന ഈ വിഷയം മനസ്സിലാക്കുവാൻ പ്രയാസമില്ല.

എങ്കിലും നാം ഇതിലേക്ക് വരുന്നതിനു മുമ്പ്, എബ്രായലേഖനവും റോമാലേഖനവും തമ്മിലുള്ള താരതമ്യത്തെക്കുറിച്ച് അല്പം സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പാപവും മരണവും റോമർ 5-ലും 8-ലും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുയേശുവിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് നമുക്ക് സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നുവെന്ന് റോമർ 8:2 പറയുന്നു; ദൈവം പാപത്തിന് ജഡത്തിൽ ശിക്ഷവിധിച്ചുവെന്ന് റോമർ 8:3-ഉം, ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണമാണെന്ന് റോമർ 8:6-ഉം പറയുന്നു. റോമർ 8-ന്റെ മധ്യത്തിലേക്കും അവസാന ഭാഗത്തിലേക്കും വരുമ്പോൾ, അവിടെ പാപത്തെയും മരണത്തെയും കുറിച്ചല്ല, ഞരക്കം, മായ, ദ്രവത്വം, അടിമത്തം എന്നീ മരണത്തിന്റെ ഉപോൽപ്പന്നങ്ങളെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. പാപത്തെയും മരണത്തെയും ജയിക്കുന്നത് ഒരു

കാര്യവും, മരണത്തിന്റെ ഈ ഉപോൽപ്പന്നങ്ങളെ ഇല്ലാതാക്കുന്നത് തികച്ചും മറ്റൊരു കാര്യം, വളരെ നിർണ്ണായകമായ ഒരു കാര്യവുമാണ്.

റോമർ 3 മുതൽ 8 വരെ ദൈവത്തിന്റെ വ്യവസ്ഥാപരമായ രക്ഷയുടെ മൂന്നു പടികൾ നമുക്ക് കാണുവാൻ കഴിയും: നീതീകരണവും വിശുദ്ധീകരണവും തേജസ്കരണവും. നീതീകരണം ദൈവത്തിന്റെ നീതിയോടും വിശുദ്ധീകരണം ദൈവത്തിന്റെ വിശുദ്ധിയോടും തേജസ്കരണം ദൈവത്തിന്റെ തേജസ്സിനോടും ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ നീതിക്കും വിശുദ്ധിക്കും തേജസ്സിനുമെല്ലാം നമ്മുടെമേൽ ആവശ്യകതകളുണ്ട്. സമഗ്രമായും ആത്യന്തികമായും നാം രക്ഷിക്കപ്പെട്ടിരിക്കേണ്ടതിന്, ഈ ആവശ്യകതകളെല്ലാം നാം പാലിക്കണം. ദൈവത്തിന്റെ നീതീകരണം അവന്റെ നീതിയുടെ ആവശ്യകതകൾ സന്ധിക്കുകയും, ദൈവത്തിന്റെ വിശുദ്ധീകരണം അവന്റെ വിശുദ്ധിയുടെ ആവശ്യകതകൾ സന്ധിക്കുകയും, ദൈവത്തിന്റെ തേജസ്കരണം അവന്റെ തേജസ്സിന്റെ ആവശ്യകതകൾ സന്ധിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ വ്യവസ്ഥാപരമായ രക്ഷ നമ്മെ നീതീകരിക്കുന്നതിനോ വിശുദ്ധീകരിക്കുന്നതിനോ മാത്രമല്ല, നമ്മെ തേജസ്കരിക്കുന്നതിനുമാണ്. കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, തേജസ്കരിക്കപ്പെടുകയെന്നാൽ നമ്മുടെ ആളത്തം ക്രിസ്തുവിന്റെ ദിവ്യ പൗരോഹിത്യംകൊണ്ട് പൂർണമായി സാന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതാണ്. നമ്മുടെ മുഴുവൻ ആളത്തവും അവന്റെ ദിവ്യ പൗരോഹിത്യത്താൽ സാന്ദ്രീകരിക്കപ്പെടുമ്പോൾ, അതായിരിക്കും ദൈവത്തിന്റെ രക്ഷയുടെ അവസാനത്തെ പടിയായ നമ്മുടെ തേജസ്കരണം. ആ സമയത്ത് നാം പൂർണ്ണ പുത്രത്വം ആസ്വദിക്കും, അത് നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിൽ പരിണമിക്കും (റോമ. 8:23). തേജസ്കരണം നമ്മെ പാപങ്ങളിൽനിന്നോ മരണത്തിൽനിന്നോ രക്ഷിക്കുന്നില്ല; അതു നമ്മെ ഞരക്കം, മായ, ദ്രവത്വം, അടിമത്തം, ക്ഷയം എന്നീ മരണത്തിന്റെ ഉപോൽപ്പന്നങ്ങളിൽനിന്ന് രക്ഷിക്കുന്നു. മരണത്തിന്റെ ഈ ഉപോൽപ്പന്നങ്ങൾ നാം അങ്ങേയറ്റം രക്ഷിക്കപ്പെടണമെന്ന് ആവശ്യപ്പെടുന്നു, ഇത് ചെയ്യുവാൻ ക്രിസ്തു പ്രാപ്തനാണ്. അങ്ങേയറ്റത്തെ രക്ഷ നമ്മെ പാപത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കുക മാത്രമല്ല, മരണത്തിന്റെ ഉപോൽപ്പന്നങ്ങളെയെല്ലാം കുറയ്ക്കുകയും വിഴുങ്ങുകയും ചെയ്യുന്നു. മരണത്തിന്റെ എല്ലാ ഉപോൽപ്പന്നങ്ങളും വിഴുങ്ങപ്പെടുമ്പോൾ, അതായിരിക്കും തേജസ്സിൽ ദൈവപുത്രന്മാരുടെ വെളിപാടിന്റെ സമയം (റോമ. 8:19). ആ സമയത്ത് ദൈവപുത്രന്മാർ മാത്രമല്ല, മുഴുവൻ സൃഷ്ടിയും മായയുടെയും ദ്രവത്വത്തിന്റെയും

ദാസ്യത്തിൽനിന്ന് തേജസ്സിന്റെ സ്വാതന്ത്ര്യത്തിലേക്ക് സ്വതന്ത്രമാക്കപ്പെടും (റോമ. 8:20). നാം അങ്ങേയറ്റം രക്ഷിക്കപ്പെടുമ്പോൾ, നാം സമ്പൂർണ തികവിലേക്ക് കൊണ്ടുവരപ്പെടും. ഇതാണ് തേജസ്കരിക്കപ്പെടുകയെന്നതുകൊണ്ട് അർഥമാക്കുന്നത്.

റോമർ 8:30 പറയുന്നു, "അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു" (പ്രത്യുദ്ധാര ഭാഷ്യം). തേജസ്കരണം അങ്ങേയറ്റത്തെ രക്ഷയാണെന്ന് ഈ വാക്യത്തിൽനിന്ന് നാം കാണുന്നു. ഈ തേജസ്കരണമാണ് എബ്രായർ 7:25-ന്റെ നിർവചനം, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ ക്രിസ്തു പ്രാപ്തനാകുന്നു എന്ന് അതു പറയുന്നു. ഈ പരമമായ രക്ഷയാണ് തേജസ്കരണം; തേജസ്കരണം അർഥമാക്കുന്നത് മരണത്തിന്റെ ഉപോൽപ്പന്നങ്ങളിൽനിന്ന് നമ്മെ വിടുവിക്കുന്നതാണ്. തേജസ്കരണത്തിന്റെ സമയത്ത്, അവിടെ ഞരക്കമോ, അടിമത്തമോ, ബന്ധനമോ, മായയോ, ദ്രവത്വമോ, ക്ഷയമോ ഉണ്ടായിരിക്കുകയില്ല. നമ്മെ അങ്ങേയറ്റം രക്ഷിക്കുന്ന ഈ വേല ആരാണ് ചെയ്യുന്നത്? രാജകീയനും ദിവ്യനുമായ മഹാപുരോഹിതനായ നമ്മുടെ മൽക്കീസേദെക്ക്.

ക്രിസ്തു നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നുവെന്ന് വേദപുസ്തകത്തിൽ പറയുന്നത് എബ്രായർ 7:25-ലും, റോമർ 8:34-ഉം മാത്രമാണ്, ഈ രണ്ടു വാക്യങ്ങളും ഒന്നിനോടൊന്ന് യോജിക്കുന്നു. റോമർ 8 അനുസരിച്ച് ക്രിസ്തു പക്ഷവാദം ചെയ്യുന്നത്, ദയനീയരായ പാപികൾ നീതീകരിക്കപ്പെടുവാൻ വേണ്ടിയല്ല—നീതീകരണം റോമർ 4-ലാണുള്ളത്—പിന്നെയോ നാം തേജസ്കരിക്കപ്പെടുവാൻ വേണ്ടിയാണ് അവൻ പക്ഷവാദം ചെയ്യുന്നത്. ഇത് എബ്രായർ 7:25-ലെ പക്ഷവാദവുമായി യോജിക്കുന്നു, കാരണം ഇവിടെ ക്രിസ്തു പക്ഷവാദം ചെയ്യുന്നത് നാം അങ്ങേയറ്റം രക്ഷിക്കപ്പെടുന്നതിനു വേണ്ടിയാണ്. അങ്ങേയറ്റം രക്ഷിക്കപ്പെടുന്നത് തേജസ്കരണത്തിനു തുല്യമാണ്. ഇക്കാരണത്താൽ, ഈ രണ്ട് അധ്യായങ്ങളും നമ്മോടു പറയുന്നത് ഒരേ കാര്യമാണ്. പക്ഷവാദം ചെയ്യുന്ന ക്രിസ്തു രാജകീയനും ദിവ്യനുമായ മഹാപുരോഹിതനാണെന്ന് എബ്രായർ 7-നെക്കൂടാതെ നാം ഒരിക്കലും മനസ്സിലാക്കുകയില്ല. എബ്രായർ 7-നെക്കൂടാതെ, പക്ഷവാദം ചെയ്യുന്ന ക്രിസ്തു രക്ഷകൻ മാത്രമാണെന്ന് റോമർ 8 അനുസരിച്ചു നാം ചിന്തിച്ചേക്കാം. എന്നാൽ പക്ഷവാദം ചെയ്യുന്ന ക്രിസ്തു രക്ഷകനെക്കാൾ അധികമാണ്—അവൻ രാജകീയനും ദിവ്യനുമായ മഹാപുരോഹിതൻ, സ്വർഗീയ ശുശ്രൂഷകൻ ആണ്. സ്വർഗീയ ശുശ്രൂഷകൻ ആരാണെന്ന് ഇപ്പോൾ നമുക്കറിയാം—അത് നമ്മുടെ മൽക്കീസേദെക്കാണ്.

മൽക്കീസേദെക്കിന്റെ ശുശ്രൂഷ പാപികളെ രക്ഷിക്കുന്നതല്ല. നിങ്ങൾ ഇപ്പോഴും ഒരു പാപിയാണെങ്കിൽ, നിങ്ങൾക്കാവശ്യമായത് അഹരോനാൽ മുൻകുറിക്കപ്പെട്ട ക്രിസ്തുവിന്റെ ശുശ്രൂഷയാണ്. എന്നാൽ നാം ഇനി ദയനീയരായ പാപികളല്ല; നാം മരണത്തിന്റെ ഉപോൽപ്പന്നങ്ങൾക്കെതിരെ പോരാടുന്ന പോരാളികളാണ്. അബ്രാഹാമിനാൽ സംഹരിക്കപ്പെട്ട കെദൊർലായോമെർ പാപത്തെയല്ല, മരണത്തിന്റെ ഉപോൽപ്പന്നങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ലോത്തിനെ പിടിച്ചുകൊണ്ടുപോയി എന്ന് അബ്രാഹാം അറിഞ്ഞപ്പോൾ, ആ പിടികൂടൽ മരണത്തിന്റെ ഉപോൽപ്പന്നങ്ങളെ സംബന്ധിച്ച വിഷയമായിരുന്നു. സഭകളിലെ മൂപ്പന്മാരെല്ലാം സംഹരിക്കുന്ന മൂപ്പന്മാരായിരിക്കണം. മൂപ്പന്മാർ യോഗങ്ങളിലേക്കു വരുകയും അനേകം സഹോദരന്മാർ കെദൊർലായോമെറിനാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്നു കാണുകയും ചെയ്യുമ്പോൾ അവർ ആ രാജാവിനെ സംഹരിക്കണം. പിടിക്കപ്പെട്ട സഹോദരന്മാരെ ശാസിക്കുകയോ കുറ്റംവിധിക്കുകയോ ചെയ്യരുത്, മറിച്ച് സഹോദരീസഹോദരന്മാരെ പിടികൂടിയ മരണത്തിന്റെ ഉപോൽപ്പന്നങ്ങളായ കെദൊർലായോമെറിനെ സംഹരിക്കുക. നിങ്ങൾ ഇത് ചെയ്യുന്നുവെങ്കിൽ, നമ്മുടെ മൽക്കീസേദെക് വരുകയും നിങ്ങൾ അവന്റെ ശുശ്രൂഷ ആസ്വദിക്കുകയും ചെയ്യും.

നിരവധി ക്രിസ്ത്യാനികൾ ദയനീയരായ പാപികളുടെ സ്ഥാനം നിലനിർത്തുന്നതുകൊണ്ട് അവർ എബ്രായർ 7-ഉം 8-ഉം മനസ്സിലാക്കുന്നില്ല. അവരിൽ ആരുംതന്നെ സംഹരിക്കുന്ന അബ്രാഹാമല്ല. റോമർ 8-ൽ പറഞ്ഞിരിക്കുന്ന മരണത്തിന്റെ ഉപോൽപ്പന്നങ്ങളെയെല്ലാം നാം സംഹരിക്കണം; ഞരക്കം, മായ, ബന്ധനം, അടിമത്തം, ദ്രവത്വം, ക്ഷയം എന്നിവയെയെല്ലാം നാം സംഹരിക്കണം. മരണത്തിന്റെ ഈ ഉൽപ്പന്നങ്ങളെ നമുക്കെങ്ങനെ സംഹരിക്കുവാൻ കഴിയും? നമ്മുടെ മഹാപുരോഹിതന്റെ പക്ഷവാദം മുഖാന്തരം. നാം കെദൊൽലായോമെറിനെയും മരണത്തിന്റെ എല്ലാ ഉപോൽപ്പന്നങ്ങളെയും സംഹരിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയായിരിക്കും. ഇതാണ് ഇന്ന് സ്വർഗീയ ശുശ്രൂഷകനായ നമ്മുടെ മഹാപുരോഹിതന്റെ ശുശ്രൂഷ.

യിസ്രായേലും അമാലേക്കും തമ്മിലുള്ള യുദ്ധത്തിന്റെ സംഭവത്തിൽ ഈ ശുശ്രൂഷയുടെ ഒരു ചിത്രം നാം കാണുന്നു (പുറ. 17:8-13). കുന്നിൻ മുകളിൽ മോശെ കൈ ഉയർത്തിപ്പിടിക്കുകയും (അതായത്, പ്രാർഥിക്കുകയും) യോശുവ യുദ്ധത്തിന്റെ നടുവിൽ പോരാടുകയുമായിരുന്നു. മോശെ പ്രാർഥിക്കുമ്പോൾ യോശുവ ശത്രുവിനെ സംഹരിക്കുകയായിരുന്നു. അതുപോലെ, അബ്രാഹാം രാജാക്കന്മാരെ സംഹരിച്ചുകൊണ്ടിരിക്കുമ്പോൾ മൽക്കീസേദെക്ക് അവനുവേണ്ടി പ്രാർഥിക്കുകയായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അതേ രീതിയിൽ, നാം മരണത്തിന്റെ

ഉപോൽപ്പന്നങ്ങളെ സംഹരിക്കുമ്പോൾ ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടെയുള്ള നമ്മുടെ സ്വർഗീയ ശുശ്രൂഷകനായ ക്രിസ്തു സ്വർഗത്തിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയാണ്.

ഇന്ന് ക്രിസ്തുവിന്റെ ശ്രേഷ്ഠതയേറിയ ശുശ്രൂഷ എന്താണ്? അത് പോരാളികൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്നതാണ്. ക്രിസ്തുവിന്റെ പക്ഷവാദം ശക്തിയുള്ള ഒരു മോട്ടോർ പോലെയാണ്, അത് പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു യന്ത്രത്തിന് ഊർജ്ജം നൽകുന്നു. പ്രവർത്തനശക്തിയെ യന്ത്രത്തിലേക്ക് എങ്ങനെ കൊണ്ടുവരുവാൻ കഴിയും? മോട്ടോർ വഴി. മോട്ടോർ പ്രവർത്തിക്കുമ്പോൾ, യന്ത്രത്തിലേക്ക് ശക്തി പകരപ്പെടുന്നു. അതേ രീതിയിൽ, സ്വർഗത്തിൽ പക്ഷവാദം ചെയ്യുന്ന ക്രിസ്തു സ്വർഗീയശക്തി നമ്മിലേക്ക് പകരുന്നു.

അബ്രാഹാം രാജാക്കന്മാരെ തോൽപ്പിച്ച സംഭവം ഒരിക്കൽക്കൂടി നോക്കാം. ലോത്തിനെ പിടികൂടിയെന്ന വാർത്ത കേൾക്കുന്ന അബ്രാഹാമാണ് നിങ്ങളെന്നു സങ്കല്പിക്കുക. അത് നമുക്കാണ് സംഭവിച്ചിരുന്നതെങ്കിൽ, നാം മരണത്തോളം ഭയപ്പെടുകയും നമ്മുടെ കൂടാരത്തിന്റെ അകത്തുള്ള ഭാഗത്തേക്കു പോയി ഇങ്ങനെ പ്രാർഥിക്കുകയും ചെയ്യുമായിരുന്നു, "കർത്താവേ, ഞങ്ങളോടു കരുണ കാണിക്കുകയും ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യേണമേ. രാജാക്കന്മാർ ഇവിടെ വരുവാൻ അനുവദിക്കരുതേ." എന്നാൽ അബ്രാഹാം ഈ വാർത്ത കേട്ടപ്പോൾ അവൻ പറഞ്ഞുകാണും, "അവർ എന്റെ സഹോദരനായ ലോത്തിനെ പിടിച്ചുകൊണ്ടു പോയിരിക്കുന്നു! അവർ എത്ര പുരുഷന്മാരുണ്ടെന്നത് ഞാൻ കാര്യമാക്കുന്നില്ല—എനിക്ക് അത്യുന്നതനായ ദൈവമുണ്ട്, ഞാൻ രാജാക്കന്മാർക്കെതിരെ പോരാടുവാനും ലോത്തിനെ രക്ഷിക്കുവാനും പോകുന്നു." അബ്രാഹാമും അവന്റെ മുന്നൂറ്റിപതിനെട്ട് പുരുഷന്മാരും മൽക്കീസേദെക്കിന്റെ പക്ഷവാദത്താൽ ഊർജ്ജിതരായതിനാൽ ധൈര്യശാലികളായിരുന്നു. അവർ സ്വർഗീയമായ, സാർവത്രിക മോട്ടോറിനാൽ ശക്തിപ്പെട്ടിരുന്നു. മൽക്കീസേദെക്ക് അബ്രാഹാമിനെ അനുഗ്രഹിക്കുവാൻ വന്നപ്പോൾ, അബ്രാഹാമിന്റെ ശത്രുക്കളെ അവന്റെ കയ്യിൽ ഏല്പിച്ചുകൊടുത്തതുകൊണ്ട് അവൻ അത്യുന്നതനായ ദൈവത്തെ വാഴ്ത്തി (ഉല്പ. 14:20). മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അബ്രാഹാമിന്റെ വിജയം അത്യുന്നതനായ ദൈവത്തോടുള്ള മൽക്കീസേദെക്കിന്റെ പക്ഷവാദത്തിന്റെ ഫലമാണെന്ന് താൻ അബ്രാഹാമിനോട് പറയുകയായിരുന്നു.

ക്രിസ്തുവിന്റെ ശ്രേഷ്ഠതയേറിയ ശുശ്രൂഷയുടെ ഉന്നതമായ ഒരു ദർശനം നമുക്കുണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അത് ദയനീയരായ പാപികൾക്കു വേണ്ടിയുള്ള ഒരു താണ ശുശ്രൂഷയല്ല; അത് വിജയികളായ പോരാളികൾക്കു വേണ്ടിയുള്ള, അബ്രാഹാമിന്റെ ശരിയായ പിൻതുടർച്ചക്കാരായ ദൈവത്തിന്റെ വിജയികൾക്കുള്ള,

ഒരു ഉന്നത ശുശ്രൂഷയാണ്. ഇത് ലേവ്യപുസ്തകത്തിൽ നാം കാണുന്ന പൗരോഹിത്യമല്ല, പിന്നെയോ ഉല്പത്തി 14-ൽ നാം കാണുന്ന പൗരോഹിത്യത്തിന്റെ തുടർച്ചയാണ്.

നാം അബ്രാഹാമിനെയും അവന്റെ മുന്നൂറ്റി പതിനെട്ട് പുരുഷന്മാരെയും പോലെയുള്ള പോരാളികളായിരിക്കത്തക്കവണ്ണം കർത്താവ് തന്റെ വചനം നമുക്ക് തുറന്നുതരുന്നു. മരണത്തിന്റെ സകല ഉപോൽപ്പന്നങ്ങളെയും സംഹരിച്ചുകൊണ്ട് നാം യുദ്ധം ചെയ്യേണ്ടതാവശ്യമാണ്. സമയം കടന്നുപോയശേഷം നാം തേജസ്കരിക്കപ്പെടുമെന്നും എല്ലാ ദൈവപുത്രന്മാരും വെളിപ്പെടുകയും തേജസ്സിന്റെ സ്വാതന്ത്ര്യത്തിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുമെന്നുള്ള വസ്തുനിഷ്ഠമായ കാഴ്ചപ്പാടിനെ നാം പിടിച്ചുകൊള്ളരുത്. സ്വർഗത്തിലുള്ള ക്രിസ്തുവിന്റെ പക്ഷവാദവും, മുഴുവൻ പ്രപഞ്ചത്തിലുടനീളമുള്ള ഞരക്കവും നാം റോമർ 8-ൽ കാണുന്നു. മുഴുവൻ സൃഷ്ടിയും മരണത്തിന്റെ ഉപോൽപ്പന്നങ്ങളിൽനിന്ന് വിടുവിക്കപ്പെടുവാനുള്ള മോചനത്തിനുവേണ്ടി ഞരങ്ങിക്കൊണ്ടിരിക്കുന്നു. ഇതാണ് ഇന്നത്തെ സാഹചര്യം: നമുക്ക് സ്വർഗത്തിൽ നമ്മുടെ മൽക്കീസേദെക്കിന്റെ പക്ഷവാദവും, മുഴുവൻ പ്രപഞ്ചത്തിലുടനീളമുള്ള ഞരക്കവും ഉണ്ട്. ആ മഹത്വകരമായ സ്വാതന്ത്ര്യം കൊണ്ടുവരുന്നതിനായി അവന്റെ പ്രവർത്തിക്കുന്ന യന്ത്രമായിരിക്കുവാൻ ഭൂമിയിൽ ഒരു ജനത്തെ ദൈവത്തിന് ഇന്ന് കണ്ടെത്തണം. തേജസ്കരണം കൊണ്ടുവരുന്നതിന് ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനം ആരാണ്? അത് നാം ആണ്.

ഈ മഹത്വകരമായ സ്വാതന്ത്ര്യം ആദ്യം നമ്മുടെ ആളത്തത്തിലേക്ക് കൊണ്ടുവരപ്പെടണം. പക്ഷവാദം ചെയ്യുന്ന നമ്മുടെ മൽക്കീസേദെക്കിലൂടെയാണ് ഇത് നിർവഹിക്കപ്പെടുന്നത്. മൂന്നാം സ്വർഗത്തിലുള്ള മോട്ടോർ ഭൂമിയിലുള്ള യന്ത്രത്തിന് ഊർജ്ജം നൽകുന്നു: ഇത് നമ്മുടെ ആത്മാവിൽ ധാരാളം "പം, പം, പമ്പുകൾ" ഉണ്ടാക്കുന്നു. ചിലപ്പോൾ സ്വർഗത്തിലെ മോട്ടോറിൽനിന്നുള്ള കർത്താവിന്റെ ഊർജ്ജപ്പകർച്ച എനിക്ക് അടക്കിവയ്ക്കുവാൻ കഴിയാതവണ്ണം വളരെ ശക്തമാണ്. എന്റെ കിടപ്പുമുറിയിൽ പ്രാർഥിക്കുവാൻ ഞാൻ മുട്ടുകുത്തുമ്പോഴെല്ലാം, കർത്താവിന്റെ പക്ഷവാദത്തിൽ നിന്നുള്ള ഊർജ്ജപ്പെടുത്തൽ, ശക്തീകരണം, "പം, പം, പം," ഞാൻ അനുഭവമാക്കുന്നു. സ്വർഗീയ മോട്ടോർ ഊർജ്ജപ്പെടുത്തുന്നതിന്റെ ഫലം മതപരമായ ആളുകൾ കാത്തിരുന്നു കാണട്ടെ. കർത്താവിന്റെ പ്രത്യുദ്ധാരം കേവലം മറ്റൊരു തരം ക്രിസ്തീയ വേലയാണെന്ന് ചിന്തിക്കരുത്. അല്ല, ഇത് സ്വർഗീയ ഡൈനാമോയാൽ നമ്മിലേക്കു പകരപ്പെടുന്ന ഊർജ്ജത്താലുള്ള "പം, പം, പമ്പിനാൽ" നിർവഹിക്കപ്പെടുന്ന വേലയാണ്. കർത്താവിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടി നാം പ്രാർഥിക്കുമ്പോഴെല്ലാം, കർത്താവിന്റെ പക്ഷവാദം നമ്മെ ഉള്ളിൽനിന്നും

ശക്തിപ്പെടുത്തുന്നുവെന്ന ആഴത്തിലുള്ള ബോധം നമുക്കുണ്ട്. അതുകൊണ്ടാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ അവന്റെ കൂട്ടാളികളായ നാം ഇന്ന് ഭൂമിയിലെ ഏറ്റവും ഉത്സാഹികളായ ക്രിസ്ത്യാനികളായിരിക്കുന്നത്. ക്രിസ്തുവിന്റെ സ്വർഗീയ ശുശ്രൂഷ ദയനീയരായ പാപികളെ പരിപാലിക്കുന്ന ഒരു ശുശ്രൂഷയല്ല; ദൈവത്തിന്റെ വ്യവസ്ഥയെ പ്രവർത്തിപ്പിക്കുന്ന ശ്രേഷ്ഠതയേറിയ ശുശ്രൂഷയാണിത്.

സ്വർഗീയ ശുശ്രൂഷകൻ നമുക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്നുവെന്ന പൂർണ്ണ ഉറപ്പ് എനിക്കുണ്ട്. എബ്രായലേഖനത്തിന്റെ പ്രത്യുദ്ധാര ഭാഷ്യത്തിനുവേണ്ടി ഞാൻ കുറിപ്പുകൾ എഴുതുമ്പോൾ നിരവധി തവണ സ്വർഗീയ വൈദ്യുതി എന്റെ പേനയിലേക്ക് വരുകയും, വേദപുസ്തകത്തിലെ കാര്യങ്ങളെക്കുറിച്ച് എനിക്ക് ഒരു പുതിയ ദർശനം ഉണ്ടായിരിക്കുകയും ചെയ്തു. വേദപുസ്തകം നൂറ്റാണ്ടുകളായി ഭൂമിയിലുണ്ടെങ്കിലും, നാം ഇന്നു കാണുന്ന കാര്യങ്ങൾ കണ്ടിട്ടുള്ള ക്രിസ്ത്യാനികൾ തുലോം കുറവാണ്. നാം അവരെക്കാൾ മിടുക്കന്മാരാണോ? അല്ല. നാം കാണുന്നത് സ്വർഗീയ ശുശ്രൂഷകന്റെ പക്ഷവാദത്തിന്റെ ഫലമാണ്. ഇതുകൊണ്ടാണ് നാം ശുശ്രൂഷിക്കുന്നത് ഇന്നത്തെ മതത്തിൽ കാണുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നത്. കർത്താവ് എന്നെ കാണിച്ചു കൊണ്ടിരുന്നതും എന്റെ ഉള്ളിൽ ചെയ്യുന്നതും ഞാൻ പിടിച്ചു വയ്ക്കുന്നുവെങ്കിൽ, ഞാൻ പൊട്ടിത്തെറിക്കും. കർത്താവിന്റെ സ്വർഗീയ ശുശ്രൂഷയെക്കുറിച്ച് ഞാൻ അവന്റെ ജനത്തോടു പറഞ്ഞേ മതിയാകൂ. കർത്താവിന്റെ രാജകീയ പൗരോഹിത്യത്തെ ഞാൻ കണ്ടിരിക്കുന്നു, കർത്താവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നുവെന്നും നമുക്ക് ശുശ്രൂഷ ചെയ്യുന്നുവെന്നും ഞാൻ അറിയുന്നു. നമുക്ക് ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടിയ ഒരു സ്വർഗീയ ശുശ്രൂഷകനുണ്ട്.

Mon

## I. ഒരു സ്വർഗീയ ശുശ്രൂഷകൻ

### A. സ്വർഗത്തിൽ മഹിമാസനത്തിൽ ഇരിക്കുന്ന മഹാപുരോഹിതൻ

"സ്വർഗത്തിൽ മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നവനായി" ഒരു മഹാപുരോഹിതൻ നമുക്കുണ്ടെന്ന് എബ്രായർ 8:1 പറയുന്നു. ഇതാണ് നമ്മുടെ മൽക്കീസേദെക്കെന്ന രാജകീയനും ദിവ്യനുമായ മഹാപുരോഹിതനായ സ്വർഗീയ ക്രിസ്തു. നമ്മുടെ മഹാപുരോഹിതൻ ഇന്ന് വീണ്ടെടുപ്പിൻ വേല നിർവഹിക്കുവാൻ ഭൂമിയിൽ നിൽക്കുകയല്ല, അവൻ സ്വർഗത്തിൽ മഹിമാസനത്തിൽ ഇരിക്കുന്നു. അവൻ അവിടെ ഇരിക്കുന്നു എന്നത് അവൻ വീണ്ടെടുപ്പിൻ വേല നിർവഹിച്ചുവെന്നും, അവൻ ഇപ്പോൾ തേജസ്സിൽ സ്വർഗത്തിൽ ദൈവത്വത്തിന്റെ മഹിമയിലാണെന്നും,

തന്റെ വീണ്ടെടുക്കപ്പെട്ടവരുടെ തികവിനുവേണ്ടി അവൻ വിശ്രമപൂർവം പക്ഷവാദം ചെയ്യുന്നുവെന്നും സൂചിപ്പിക്കുന്നു. ഇത് അഹരോന്യ പൗരോഹിത്യത്തിന്റെ വേലയല്ല, രാജകീയവും ദിവ്യവുമായ പൗരോഹിത്യത്തിന്റെ ശുശ്രൂഷയാണ്. അവൻ ഭൂമിയിൽ നിൽക്കുന്ന നമ്മുടെ അഹരോനല്ല, സ്വർഗത്തിൽ ദിവ്യ മഹിമയോടുകൂടെ ദൈവത്തിന്റെ സിംഹാസനത്തിൽ ഇരിക്കുന്ന നമ്മുടെ മൽക്കീസേദെക്കാണ്.

## B. നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്ന സ്വർഗത്തിലെ സത്യകൂടാരത്തിൽ ശുശ്രൂഷിക്കുന്നു

ദൈവത്തിന്റെ വ്യവസ്ഥയിൽ മൂന്നു കാര്യങ്ങൾ എപ്പോഴും സംയോജിച്ചിരിക്കുന്നു: കൂടാരം അഥവാ വിശുദ്ധമന്ദിരവും, പൗരോഹിത്യവും, ന്യായപ്രമാണവും. ഒന്നുതന്നെയായ ഈ മൂന്നു കാര്യങ്ങൾ ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനു വേണ്ടിയാണ് സംയോജിപ്പിച്ചിരിക്കുന്നത്. പഴയനിയമ കാലത്ത് ആർക്കും ഈ മൂന്നു കാര്യങ്ങളെ പരസ്പരം വേർപെടുത്തുവാൻ കഴിയുകയില്ലായിരുന്നു. ഇന്നും അങ്ങനെതന്നെയാണ്. സ്വർഗത്തിലും നമ്മുടെ ആത്മാവിലും നമുക്ക് വിശുദ്ധമന്ദിരവും, പൗരോഹിത്യവും, മേന്മയേറിയ ജീവപ്രമാണവും ഉണ്ട്. ഇന്നു നാം ആസ്വദിക്കുന്ന വിശുദ്ധമന്ദിരവും, പൗരോഹിത്യവും, പ്രമാണവും പഴയ വിശുദ്ധമന്ദിരത്തെക്കാളും പൗരോഹിത്യത്തെക്കാളും പ്രമാണത്തെക്കാളും മേന്മയേറിയതാണ്. ആ പഴയ കാര്യങ്ങൾ ഒരു നിഴൽ മാത്രമായിരുന്നു. ഇന്നു നാം ആസ്വദിക്കുന്ന ഈ പുതിയ വിഷയങ്ങൾ നിഴലിന്റെ യാഥാർഥ്യമാണ്.

ക്രിസ്തു "വിശുദ്ധസ്ഥലങ്ങളുടെ, മനുഷ്യനല്ല കർത്താവു സ്ഥാപിച്ച സത്യകൂടാരത്തിന്റെ തന്നെ ശുശ്രൂഷകനായ ഇങ്ങനെയുള്ള ഒരു മഹാപുരോഹിതൻ" ആണെന്ന് എബ്രായർ 8:2 പറയുന്നു. നമ്മുടെ ആത്മാവിനോടു ചേർക്കപ്പെട്ടിരിക്കുന്ന സ്വർഗത്തിലെ സത്യകൂടാരത്തിൽ ക്രിസ്തു ശുശ്രൂഷ ചെയ്യുന്നു. സ്വർഗത്തിലെ നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ, ക്രിസ്തു നമ്മെ സ്വർഗത്തിലേക്ക്, ഭൗമിക പ്രാകാരത്തിൽനിന്ന് സ്വർഗീയ ഗോവണിയായ അവനാൽ നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്ന സ്വർഗീയ അതിവിശുദ്ധസ്ഥലത്തേക്ക് കൊണ്ടുവരുന്നു (ഉല്പ. 28:12; യോഹ. 1:51). ഭൂമിയിലെ പുരോഹിതന്മാർ നിഴലിനെ സേവിച്ചു (എബ്രാ. 8:5), എന്നാൽ സ്വർഗത്തിലെ ഈ ശുശ്രൂഷകൻ യാഥാർഥ്യത്തെ സേവിക്കുന്നു. പഴയനിയമത്തിൽ ഭൂമിയിലെ പുരോഹിതന്മാർ ചെയ്തതൊക്കെയും വരുവാനിരിക്കുന്ന യഥാർഥ കാര്യങ്ങളുടെ ഒരു നിഴലായിരുന്നു. ഭൂമിയിലെ അവരുടെ വേല യാതൊന്നും നിവർത്തിച്ചില്ല. അവർ ഭൂമിയിൽ ചെയ്തത് യാഥാർഥ്യത്തിന്റെ നിഴലിനെ സേവിക്കുക മാത്രമായിരുന്നു, എന്നാൽ ഈ ശുശ്രൂഷകൻ പുതിയനിയമത്തിൽ

സ്വർഗത്തിൽ ശുശ്രൂഷിക്കുന്നതൊക്കെയും യാഥാർഥ്യമാണ്. സ്വർഗത്തിലെ അവന്റെ ശ്രേഷ്ഠതയേറിയ ശുശ്രൂഷ ദിവ്യ യുഗത്തിൽ സ്വർഗീയ കാര്യങ്ങളുടെ യാഥാർഥ്യത്തെ സേവിക്കുന്നു.

## II. ശ്രേഷ്ഠതയേറിയ ശുശ്രൂഷ

പഴയനിയമത്തിൽ ഭൂമിയിലെ പുരോഹിതന്മാർ ചെയ്ത ശുശ്രൂഷ നല്ലതായിരുന്നു, എന്നാൽ പുതിയനിയമത്തിൽ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു സ്വർഗത്തിൽ ചെയ്യുന്ന ശുശ്രൂഷ ശ്രേഷ്ഠതയേറിയതാണ്. ഇനിപ്പറയുന്ന വശങ്ങളിൽ അത് ശ്രേഷ്ഠതയേറിയതാണ്.

### A. മേന്മയേറിയ വാഗ്ദത്തങ്ങളുടെമേൽ സ്ഥാപിക്കപ്പെട്ട മേന്മയേറിയ ഉടമ്പടിയുടെ മധ്യസ്ഥനെന്ന നിലയിൽ

#### *1. മധ്യസ്ഥൻ*

ഈ പൗരോഹിത്യത്തിൽ ഇന്ന്, ദൈവത്തിനും നമുക്കും ഇടയിൽ പോകുന്ന മനുഷ്യനായ ഒരു മധ്യസ്ഥൻ നമുക്കുണ്ട്. ഈ മധ്യസ്ഥൻ നടപ്പാക്കുന്നവൻ, നിയമം എന്ന വിൽപത്രം നടപ്പാക്കുന്നവൻ കൂടിയാണ്. മധ്യസ്ഥനെന്ന നിലയിൽ ക്രിസ്തു തന്റെ മരണത്താൽ അവൻ നമുക്ക് ഒസ്യത്തായി നൽകിയ പുതിയനിയമം എന്ന പുതിയ ഉടമ്പടി പുനരുത്ഥാനത്തിൽ നടപ്പാക്കുന്നവനാണ്.

#### *2. മേന്മയേറിയ ഉടമ്പടി*

നമുക്കുവേണ്ടി സ്ഥാപിച്ചതും പുതിയ നിയമമായി ക്രിസ്തു നമുക്ക് ഒസ്യത്തായി നൽകിയതുമായ ഉടമ്പടി മേന്മയേറിയ ഒരു ഉടമ്പടിയാണ്. ഈ മേന്മയേറിയ ഉടമ്പടി ജീവന്റെ ആന്തരികപ്രമാണം എന്ന മേന്മയേറിയ പ്രമാണത്തിന്റെ മേന്മയേറിയ വാഗ്ദത്തങ്ങളിന്മേൽ സ്ഥാപിക്കപ്പെട്ടുവെന്നു മാത്രമല്ല (8:10-12), അത് ക്രിസ്തുവിന്റെ മേന്മയേറിയ യാഗങ്ങളാൽ പൂർത്തിയാക്കപ്പെട്ടതും (9:23), നമുക്കുവേണ്ടി നിത്യ വീണ്ടെടുപ്പ് നിവർത്തിച്ചതും (9:12), നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ മേന്മയേറിയ രക്തത്തോടുകൂടിയതും ആയിരുന്നു (9:14). ഈ മേന്മയേറിയ ഉടമ്പടിയുടെ മഹാപുരോഹിതനെന്ന നിലയിൽ ജീവനുള്ള ദൈവത്തിന്റെ നിത്യ പുത്രനായ ക്രിസ്തു വലുതും തികവേറിയതുമായ കൂടാരത്തിൽ (9:11) ശ്രേഷ്ഠതയേറിയ ഒരു ശുശ്രൂഷയോടുകൂടെ ശുശ്രൂഷിക്കുന്നു (8:6).

#### *3. മേന്മയേറിയ വാഗ്ദത്തങ്ങൾ*

ഈ മേന്മയേറിയ ഉടമ്പടി മേന്മയേറിയ വാഗ്ദത്തങ്ങളിമേൽ

സ്ഥാപിക്കപ്പെട്ടിരിക്കുന്നു (8:6). യിരെമ്യാവ് 31:31-34-ൽ നൽകിയിട്ടുള്ളതും 8:8-12, 10:16-17 എന്നീ വാക്യങ്ങളിൽ ഉദ്ധരിച്ചിട്ടുള്ളതുമായ മേന്മയേറിയ വാഗ്ദത്തങ്ങൾ പാപക്ഷമയും ജീവപ്രമാണവും എന്ന രണ്ടു കാര്യങ്ങളടങ്ങുന്നതാണ്. പഴയ ഉടമ്പടിയിൽ പാപക്ഷമ ഉണ്ടായിരുന്നില്ല, പാപങ്ങൾ മറയ്ക്കുക മാത്രമാണു ചെയ്തത്. പുതിയ ഉടമ്പടിയിൽ നമുക്ക് പാപങ്ങൾ മറയ്ക്കുന്നതു മാത്രമല്ല, പാപക്ഷമയുമുണ്ട്. ഇന്ന് പുതിയ ഉടമ്പടിയിൽ നമുക്ക് അക്ഷരങ്ങളുടെ പ്രമാണമല്ല, ജീവപ്രമാണമാണുള്ളത്.

## B. മേന്മയേറിയ ഉടമ്പടി നടപ്പിലാക്കുന്നത്

### *1. പുതിയ ഉടമ്പടിയിലെ വസ്തുതകൾ ഫലപ്രദമാക്കുന്നു*

ശ്രേഷ്ഠതയേറിയ ശുശ്രൂഷയോടുകൂടെയുള്ള നമ്മുടെ സ്വർഗീയ ശുശ്രൂഷകനെന്ന നിലയിൽ ക്രിസ്തു മേന്മയേറിയ ഉടമ്പടി നടപ്പിലാക്കുന്നു. പുതിയ ഉടമ്പടിയുടെ വസ്തുതകൾ ഫലപ്രദമാക്കിക്കൊണ്ടാണ് അവൻ അത് ചെയ്യുന്നത്. നാം പിന്നീട് കാണുവാൻ പോകുന്നതുപോലെ, പുതിയ ഉടമ്പടിയുടെ ഓരോ വസ്തുതയും തന്റെ ശ്രേഷ്ഠതയേറിയ ശുശ്രഷയോടുകൂടെ സ്വർഗീയ ശുശ്രൂഷകനാൽ ഫലപ്രദമാക്കപ്പെടുന്നു.

### *2. പുതിയനിയമത്തിലെ ഒസ്യത്തുകൾ നടപ്പിലാക്കുന്നു*

സ്വർഗീയ ശുശ്രൂഷകനായ ക്രിസ്തു പുതിയ നിയമത്തിലെ ഒസ്യത്തുകൾ നടപ്പിലാക്കുന്നു. ഉടമ്പടിയിലെ ഏതൊരു വസ്തുതയും നിയമത്തിലെ ഒരു ഒസ്യത്താണ്. വസ്തുതകളും ഒസ്യത്തുകളും തമ്മിലുള്ള വ്യത്യാസം എന്താണ്? വസ്തുതകൾ നിർവഹിച്ചുകഴിഞ്ഞ ചില കാര്യങ്ങളെയാണ് പരാമർശിക്കുന്നതെങ്കിലും അവ ഒസ്യത്തായി കൊടുക്കുന്നതുവരെ നിയുക്തമാക്കപ്പെടാത്തതാണ്. നിർവഹിച്ചുകഴിഞ്ഞ വസ്തുതകൾഒസ്യത്തായി കൊടുത്തതിനുശേഷം അവ ഉടനെ നമുക്കുവേണ്ടി നിയുക്തമാക്കപ്പെട്ട ഒസ്യത്തുകളായിത്തീരുന്നു. ഉടമ്പടിയും നിയമവും തമ്മിലുള്ള വ്യത്യാസം ഇതാണ്: ഉടമ്പടിയിലുള്ളതെല്ലാം ഒരു വസ്തുതയാണ്, എന്നാൽ നിയമത്തിലുള്ളതെല്ലാം ഒരു ഒസ്യത്താണ്. ഉടമ്പടിയിൽ വസ്തുതകളായിരുന്നതെല്ലാം ഇപ്പോൾ നിയമത്തിൽ, വിൽപത്രത്തിലുള്ള ഒസ്യത്തുകളായി നമുക്കായി നിയമപരമായി നിയുക്തമക്കപ്പെട്ടിരിക്കുന്നു. പുതിയ നിയമത്തിൽ ഒസ്യത്തുകളായിത്തീർന്ന പുതിയ ഉടമ്പടിയുടെ നാലു വസ്തുതകളുണ്ട്: അനീതികൾക്കുവേണ്ടിയുള്ള പ്രായശ്ചിത്തവും പാപക്ഷമയും; ജീവപ്രമാണത്തിന്റെ പകർച്ചയും; ദൈവം ഉണ്ടായിരിക്കുന്നതിന്റെയും അവന്റെ ജനമായിരിക്കുന്നതിന്റെയും അനുഗ്രഹവും; കർത്താവിനെ അറിയുവാനുള്ള ആന്തരിക പ്രാപ്തിയും. വരുന്ന ദൂതുകളിൽ ഈ വിഷയങ്ങളെയെല്ലാം കൂടുതൽ വ്യക്തമായി നാം കാണും.